**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1487** **03-02-2026 - ൽ മറുപടിയ്ക്ക്**

**സ്കോൾ കേരളയിലെ ഹാജർ തിരിമറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കോൾ കേരളയുടെ മുഖ്യ ആസ്ഥാനത്തും കീഴിലുള്ള സ്ഥാപനങ്ങളിലും ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | **ബയോമെട്രിക് അറ്റൻഡൻസ് മാനേജ്മെൻറ് സിസ്റ്റം മുഖേന ഫിംഗർ പ്രിന്റ് ഉപയോഗിച്ച ഹാജർ രേഖപ്പെടുത്തുന്നതിനോടൊപ്പം മാന്വൽ ആയി ഹാജർ ബുക്കിൽ ഹാജർ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.** |
| (ബി) | സ്കോൾ കേരളയിൽ ഹാജർ രേഖപ്പെടുത്താൻ നിലവിലുള്ള സംവിധാനത്തിൽ പരിഷ്കാരം ഏർപ്പെടുത്തുന്നതുനായി സ്കോൾ കേരള ഭരണസമിതിയുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്ന് നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഇല്ല |
| (സി) | ബയോമെട്രിക് സംവിധാനത്തിലൂടെ ഹാജർ രേഖപ്പെടുത്തുന്ന സ്കോൾ കേരളയുടെ ആസ്ഥാനത്ത് ഹാജരാകാത്ത ജീവനക്കാർക്ക് പകരം മറ്റുള്ളവർ പഞ്ചിംഗ് നടത്തി ഹാജർ രേഖപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളുടെയും പരാതികളിൽ സ്വീകരിച്ച നടപടികളുടെയും വിശദാംശം ലഭ്യമാക്കാമോ; | (സി) | **പരാതി ലഭിച്ചിട്ടില്ല** |
| (ഡി) | ബയോമെട്രിക് ഹാജർ സംവിധാനത്തെ തകരാറിലാക്കി ഐ. ഡി കാർഡിലെ പഞ്ചിംഗ് ഓപ്ഷൻ സജീവമാക്കി ഉദ്യോഗസ്ഥരും ജീവനക്കാരും ഹാജർ രേഖപ്പെടുത്തിയതായി കെൽട്രോൺ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; | (ഡി) | കെൽട്രോൺ അപ്രകാരം അറിയിച്ചിട്ടില്ല. |
| (ഇ) | സ്കോൾ കേരളയിൽ നടന്നുവെന്നാരോപിക്കുന്ന ഹാജർ തിരിമറിയും കൃത്യവിലോപവും സംബന്ധിച്ച് സർക്കാർ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന് കാരണമെന്താണെന്നും അതുമായി | (ഇ) | ഈ വിഷയം പരിശോധിച്ച വരുന്നു |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ